**പതിനാലാം കേരള നിയമസഭ**

**ഏഴാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.4084 24.08.2017 ൽ മറുപടിയ്ക്ക്**

**ഓണക്കാലത്ത് വ്യാജ സ്പിരിറ്റും അനധികൃത മദ്യവും തടയാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.കെ.വി.വിജയദാസ് | | ശ്രീ.ടി.പി.രാമകൃഷ്ണൻ (തൊഴിലും എക്സൈസും വകുപ്പുമന്ത്രി) | |
| (എ) | ഓണക്കാലം മുന്നിൽ കണ്ടുകൊണ്ട് വ്യാജ സ്പിരിറ്റും അനധികൃത മദ്യവും സംസ്ഥാനത്തേക്ക് കടക്കുന്നുണ്ടെന്ന വാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ആയത് തടയുന്നതിന് ശക്തമായ പരിശോധനകൾ നടത്തി വരുന്നു. |
| (ബി) | ഓണക്കാലത്ത് ഇത്തരം സംഭവങ്ങൾ ഒഴിവാക്കുന്നതിന് കർശന നടപടികൾ സ്വീകരിക്കുമോ; ഇതിനോടകം തന്നെ ഇക്കാര്യത്തിൽ സ്വീകരിച്ചിട്ടുള്ള നടപടികളുടെ വിശദാംശങ്ങൾ നൽകുമോ? | (ബി) | ഓണക്കാലത്ത് വ്യാപകമാകാനിടയുള്ള വ്യാജമദ്യത്തിന്റെയും ലഹരി വസ്തുക്കളുടെയും ഉൽപാദനം, കടത്ത്, വിപണനം, ഉപഭോഗം തുടങ്ങിയ കുറ്റകൃത്യങ്ങൾ തടയുന്നതിന് ആഗസ്റ്റ് 10-ാം തീയതി മുതൽ സെപ്റ്റംബർ 10-ാം തീയതി വരെ സ്പെഷ്യൽ എൻഫോഴ്സ്മെന്റ് ഡ്രൈവ് കാലയളവായി പ്രഖ്യാപിച്ച് എക്സൈസ് വകുപ്പിന്റെ എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾ കൂടുതൽ ശക്തമാക്കിയിട്ടുള്ളതാണ്. 24 മണിക്കൂറും പ്രവർത്തിക്കുന്ന ജില്ലാതല കൺട്രോൾ റൂമുകൾ പ്രവർത്തിക്കുന്നതും ഓരോ ജില്ലയിലും വിവിധ മേഖലകളായി തിരിച്ച് സ്ട്രൈക്കിങ്ങ് ഫോഴ്സുകളും പ്രവർത്തിക്കുന്നതുമാണ്. സ്ഥിരം കുറ്റവാളികളെ പ്രത്യേകം നിരീക്ഷിക്കുകയും നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നു. ചെക്ക് പോസ്റ്റുകളുടെ പ്രവർത്തനം ശക്തിപ്പെടുത്തുകയും ബോർഡർ പട്രോളിങ്ങ്, റോഡ് പട്രോളിങ്ങ് യൂണിറ്റുകളുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കിയിട്ടുള്ളതും വിവിധ വകുപ്പുകളും അയൽ സംസ്ഥാനങ്ങളിലെ എൻഫോഴ്സ്മെന്റ് വിഭാഗങ്ങളുമായി ചേർന്ന് സംയുക്ത പരിശോധനകൾ നടത്തി വരുന്നതുമാണ്. |

**സെക്ഷൻ ഓഫീസർ**